**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2350**
**06.12.2018 ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

| | ചോദ്യം :<br>ശ്രീ. എം. ഉമ്മർ<br>(എം.എൽ.എ) | ഉത്തരം :<br>ഡോ.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| എ | 31/03/2013 - ന് മുൻപ് പി.എസ്.സി വിജ്ഞാപനം ചെയ്ത തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | 07/01/2013-ലെ സ.ഉ.(പി)നം.20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ, സർക്കാരിന് കീഴിലെ കെ.എസ്.ആർ ഭാഗം III ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 01/04/2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | പ്രസ്തുത ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഡൽഹി ഹൈക്കോടതിയുടെ ഡബ്ളിയു. പി (സി) 2810/2016, 27/03/2017- ലെ സുപ്രീംകോടതിയുടെ എസ്.എൽ.പി (സിവിൽ) 39335/2017 എന്നീ ഉത്തരവുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | |
| സി | 07/11/2018 - ലെ സ.ഉ. നം.172/2018/ധന പ്രകാരം നിലവിൽവന്ന പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച പുന:പരിശോധനാ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി ഓഫീസിന്റെ വിലാസം ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന സമിതിയ്ക്ക് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്. |

| | | |
|---|---|---|
| ഡി | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായവർക്ക് ഡി.സി.ആർ.ജി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയമിച്ചു കൊണ്ട് 07/11/2018 - ലെ സ.ഉ.(പി) നം.172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ